# GHSS EDAKKARA

# THE LIGHT



LITTLE KITEs

# DIGITAL MAGAZINE 2018-19

# മൊഴിമുത്തുകൾ

ഈ
മൊഴികൾക്ക്
തിളക്കം കുറവാണെങ്കിലും
ഇതു ചാലിക്കുന്ന ഇത്തിരി വർണങ്ങൾ, ഇത്തിരി വെട്ടം
കൂരിരുളിനെ വകഞ്ഞുമാറ്റാൻ ശ്രമിക്കുകയാണ്............
സൈബർ യുഗത്തിന്റെ വാതായനങ്ങൾക്കപ്പുറത്തെ
അനന്തവിഹായസ്സിലേക്ക് ഞങ്ങൽ പ്രതിഭയെ,
സർഗചേതനയെ, നിർഭയം പറത്തുകയാണ്.
ഈ
ചെറിയ പട്ടങ്ങളുടെ ചരടുകൾ
ഗുരുക്കന്മാരെ, രക്ഷിതാക്കളെ, കൂട്ടുകാരെ,
അഭ്യുദയകാംക്ഷികളെ
നിങ്ങളുടെ കൈകളിലാണല്ലോ ...........
ആ സുരക്ഷിതബോധത്തിന്റെ ചരടുകളിലേറി
ഞങ്ങൾ ഉയരങ്ങൾ താണ്ടുവാൻ ശ്രമിക്കുകയാണ്.....
ഈ ലോകത്തെ കാണാൻ ശ്രമിക്കുകയാണ്.
മാറ്റത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് മിഴിതുറക്കുന്ന
ഈമൊഴിമലരുകൾ
ഞങ്ങളിവിടെ സമർപ്പിക്കുന്നു..........
ഇതിനായി ഞങ്ങളെ സഹായിച്ച
എല്ലാവർക്കും
എടക്കര ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാരംഗത്തിന്റെ,
ലിറ്റിൽ കൈറ്റ്സിന്റെ
സ്നേഹാദരങ്ങൽ............

മെറിന
എഡിറ്റർ
ഡിജിറ്റൽ മാഗസിൻ, എടക്കര

# സന്ദേശം

എടക്കര സ്കൂളിലെ
വിദ്യാരംഗം കലാസാഹിത്യവേദിയുടെയും
ലിറ്റിൽ കൈറ്റിസിന്റെയും
ഈ സംരംഭം വളരെ ശ്ലാഘനിയമാണ്.
സർഗാത്മക പ്രതിഭയുടെ തിളക്കം കാഴ്ചവെയ്ക്കുന്ന
രചനകൾ
മനസ്സിന് അഭിമാനവും സന്തോഷവും നൽകുന്നു.
സൈബർയുഗത്തിന്റെ സാധ്യതകൾ
നന്നായി ഉപയോഗപ്പെടുത്തുന്ന
ഈ കുട്ടികൾ
ഭാവിയുടെ വെളിച്ചമാണ്.
സാഹിത്യവും സർഗാത്മകതയും സാങ്കേതികവിദ്യയും
സമന്വയിപ്പിക്കുന്ന
ഈ ഡിജിറ്റൽ മാഗസിന്
എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

- മാത്യു പി തോമസ്,
ഹെഡ്മാസ്റ്റർ

## ഇതളുകളിൽ


1. വെള്ളപ്പൊക്കത്തിൽ........................................................................................ 4

2. പുതുപുലരികൾ ........................................................................................ 5

3. എന്റെ വിദ്യാലയം ........................................................................................ 6

4. പെയ്തൊഴിയാതെ.......... ........................................................................................ 7

5. കൊഴിഞ്ഞ ഇതളുകൾ ........................................................................................ 8

6. Re-arrangments ........................................................................................ 9

7. മായാത്ത ഓർമ്മകൾ ........................................................................................ 10

8. Drug Abuse and Alcoholism ........................................................................................ 11

9. പാട്ടുകാരൻ ചങ്ങാതി ........................................................................................ 11

10. ഭോപ്പാൽ ദുരന്തം എങ്ങനെ സംഭവിച്ചു ........................................................................................ 13

11. ഓർമ്മ ........................................................................................ 16

12. ആൽബം ........................................................................................ 17

# വെള്ളപ്പൊക്കത്തിൽ

തകഴി തന്റെ 'വെളപ്പൊക്ക'മെന്ന കൃതിയിൽ വർഷങ്ങൾക്കു മുമ്പ് വിവരിച്ച അതേ ഒരു സാഹചര്യം . വെള്ളപ്പോക്കത്തിൽ സകല ജീവജാലങ്ങളും നെട്ടോട്ടമോടുന്നത് കവി വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചത് ഇതാ വാസ്തവമായിരിക്കുന്നു.

കേരളത്തെ ആകമാനം മാറ്റി മറിക്കപ്പെട്ട ഒരു മഹാ ദുരന്തം സകല വീടുകളും തൊടികളും കൃഷികളും എന്തിന് പറയുന്ന ആയിരക്കണക്കിന് മനുഷ്യരെ വരെ കവർന്നെടുത്തു എന്ന് തന്നെ പറയാം. കേരളത്തിന്റെ അഭിവൃദ്ധി പാടെ നഷ്ടപ്പെട്ടതും ഈ ദുരതന്തിലൂടെയാണ്. കേരളം നേരിട്ടതിൽ വെച്ച് ഏറ്റവും വലിയ ദുരിതം.

ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിച്ച കേരളം ആ നാട്ടിൽ തന്നെ എന്തിന് ദൈവം ഈ ശിക്ഷയിറക്കി ?

മനുഷ്യരുടെ നെറികേട് കൊണ്ടല്ലാതെ വേറെന്താവും ഇതിന് കാരണം മണ്ണിനെയും പുഴയെയും കൊന്നൊടുക്കി മനുഷ്യൻ മുന്നേറുമ്പോൾ ആരും നിനച്ചിരുന്നില്ല പുഴക്ക് മഴ എന്നൊരു കാമുകൻ ഉള്ള കാര്യം.

എത്രയെത്ര ലോക രാഷ്ട്രങ്ങളാണ് സഹായവുമായെത്തിയത്. കേരള മുഖ്യമന്ത്രി എത്രയെത്ര രാഷ്ട്രങ്ങളിൽ പര്യടനം നടത്തി. അത് കേരളത്തിന്റെ പുനരധിവാസത്തിന് വേണ്ടി മാത്രം. സ്വന്തം നാടിന് വേണ്ടി സകലതും ത്യജിക്കാൻ പോലും തയ്യാറായ ജനത താൻ കാലങ്ങളായ് സ്വപ്നം കാണുന്ന കാര്യത്തിന് വേണ്ടി സ്വരുക്കൂട്ടിയ നാണയത്തുട്ടുകൾ മുതൽ സ്ഥലമായും വീടായും എല്ലാം കൈയ്യയഞ്ഞ് കൊടുത്ത് സ്വന്തം നാടിനെ പഴയ രീതിയിലാക്കാൻ തന്നാൽ സഹായിക്കുന്നു.

ശ്രീനാരായണ ഗുരു പറഞ്ഞപോലെ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന പോലെ ഏത് ജാതിക്കാരും ഏത് മതസ്ഥരും ഒരു വീട്ടിൽ കഴിയുന്ന പോലെയല്ലെ ദുരിതാശ്വാസ ക്യാമ്പിൽ ജനം കഴിഞ്ഞിരുന്നത്.

ഏത് വലിയ വീട്ടിൽ കഴിയുന്നവനും ചെറ്റക്കുടിലിൽ കഴിയുന്നവനും ഒരു സ്ഥാനമാണുണ്ടായിരുന്നത്. പണവും പെരുമയും അഹങ്കാരവും മാറ്റി നിർത്തി ഏറ്റവും താഴ്ന്നതാവാൻ ഓരോ ദുരന്തവും പഠിപ്പിക്കും.

കേരളത്തിന്റെ ഉത്സവമായ ഓണവും, മുസ്‌ലീം സമൂഹത്തിന്റെ മാനവികത ഉയർത്തിക്കാട്ടുന്ന ഹജ്ജ് പെരുന്നാളും (ബലി പെരുന്നാൾ ) എല്ലാം കേരള ജനത ദുരിതാശ്വാസ ക്യാമ്പിൽ ഒന്നിച്ചാണ് ആഘോഷിച്ചത്. പൂക്കളമിട്ടും ആടിയും പാടിയും കേരളത്തിന്റെ ഓണം ആഘോഷിച്ചു.

പുതിയൊരു കേരളവും പടുത്തയർത്താൻ വിദ്യാർത്ഥി സമൂഹം വരെ
ഒന്നിച്ചു നിന്ന് ഒത്തൊരുമയോടെ പോരാടി.


പുതിയൊരു കേരളം പടുത്തുയരട്ടെ എന്ന് ആത്മാർത്ഥമായി ദൈവത്തോട് പ്രാർത്ഥിക്കാം. കേരള ജനതക്ക് എല്ലാ വിധ വിജയാശംസകളും നേരുന്നു.



Bahja Thasneem, 10.F

# പുതുപുലരികൾ

ഒരു നവകേരളത്തിലേക്ക്
താളുകൾ മറിയണം
അധികാര മോഹികൾക്ക്



അറുതി വരണം
അടയാളമില്ലാതെ , കറകൾ
തുടച്ചു നീക്കണം
മണ്ണിട്ടു മൂടിയ നീരുറവകൾ
വീണ്ടും തുറക്കണം
പാതിഅടഞ്ഞ കിനാവുകൾക്ക്
പുതുചിറകുകൾ നൽകണം
മനുഷ്യമനസ്സുകളിൽ
മനുഷ്യത്വം ഉടലെടുക്കണം
സമത്വത്തിന്റെ മടിയിലേക്ക്
ഒരു തല ചായ്ക്കണം

നിറം മങ്ങിയ ചിത്രകഥകൾ
ആവർത്തിക്കാതിരിക്കണം
അണഞ്ഞുപോയ വിളക്കുകൾക്ക്
പ്രകാശമേകണം
മുറിവേറ്റ മണിക്കുരുന്നുകൾക്ക്
സാന്ത്വനമേകണം

മുറിഞ്ഞുപോയ തുണ്ടുകൾ
കൂട്ടിച്ചേർക്കപ്പെടണം
ചിതലരിച്ച താളുകൾക്ക്
പുതുമയേകണം
പുതിയ സൂര്യന്റെ പുലരികൾ
വീണ്ടുമുതിക്കണം.

By Shahanas Parvin 10.F

# എന്റെ വിദ്യാലയം

അന്ന ഞാൻ പോകാന്
മടിച്ച എന്റെ വിദ്യാലയം
എന്നാൽ ഇന്ന ഞാൻ
ഇറങ്ങാൻ മടിക്കുന്ന എന്റെ
സ്വന്തം വിദ്യാലയം

ഒത്തിരി ഓർമ്മകളും
അനുഭവവും പകർന്നു തന്ന
എന്റെ വിദ്യാലയം
കൂട്ടുകാരുമായുള്ള
എന്റെ മനോഹര നിമിഷങ്ങൾ
ഒരിക്കലും മറക്കില്ല
വിദ്യാലയ ജീവിതം
മറക്കണമെങ്കിൽ മരണം
വരണം എന്നാലെ
ഓർമ്മകൾക്ക് വിടയൊള്ളൂ
എന്റെ സ്വന്തം വിദ്യാലയം
സ്നേഹിക്കുന്ന ഞാൻ നിന്നെ




by
Jansira Shareef.V
10.E

# പെയ്യൊഴിയാതെ

ശൂന്യമാം ഈ നാലുകെട്ടിൻ ഇടനാഴിയിൽ
വിമൂഖമാം പൂമുഖകോലായിൽ.........
നിന്നെ പ്രതിക്ഷിച്ചു ഞാനിതാ ഉറങ്ങുന്നു.
രാത്രിയുടെ നിശബ്ദമാം കൂരിരുട്ടിൽ
ഈറനണിയും മിഴിയും ഹൃത്തും തുളുമ്പുന്ന
വേദനയുമായ് നിന്നിടുമ്പോൾ.....
നീയെന്നരികിലിന്നെത്തിയില്ല.
എങ്കിലും ഞാൻ കാണുന്നു നിൻ രൂപം
കൂരിരുട്ടിൽ ഒരു മിന്നൽപ്പിണരായി.
ഞാൻ കേൾക്കുന്നു നിൻ നിശ്വനം
ഒരു നല്ല നീലാംബരി രാഗമായി.....
ഞാൻ ശ്വസിക്കുന്നു നിൻ ഗന്ധം
ചെമ്പകമൊട്ടിൻ സുഗന്ധമായി.
ഞാൻ അറിയുന്നു നിൻ സ്നേഹ സാമീപ്യം
കുന്നിളം തെന്നലിൻ തലോടലായി......
ഞാൻ തിരയുന്നു നിൻ വാക്കുകൾ
മുറിവേറ്റൊരെൻ മനസ്സിൻ നിശ്വാസമായി
ഒടുവിലായ് എൻ സ്വപ്നവീഥിയിൽ വന്നു നീ.
ഒരു മാത്ര പെയ്തു നിറയുമ്പോൾ
നിന്നെ ഞാനേറെ അറിയുന്നുമൽസഖീ...
പെയ്യുതീരാത്തൊരെൻ ജീവിതം പോൽ.

ശ്രുതി
എച്ച്. എസ്.എ നാച്ചുറൽ സയൻസ് അധ്യാപിക

# കൊഴിഞ്ഞ ഇതളുകൾ

ഇനി ചെടിയിൽ അന്നാദ്യമായി
വ്രണങ്ങൾ തൻ ഗന്ധം പരന്നു തുടങ്ങിയപ്പോൾ
ആരുമറിഞ്ഞില്ല ആ കുഞ്ഞു ജീവനുകൾ
വഴിമധ്യേ ചിറകറ്റു പിടയും എന്ന
പൊലിഞ്ഞ ഇതളുകൾക്ക് നെയ്തെടുക്കാൻ
ഒരുപാടു വർണ്ണ സ്വപ്നങ്ങളുടെ
കലവറ തന്നെയുണ്ടായിരുന്നു
ആഴമാം മുറിവിന്റെ അളവെടുത്തെങ്കിലും
ആഴമുൾക്കൊള്ളും വേദനതൻ
നിശ്വാസങ്ങൾ അടക്കിപ്പിടിച്ചു പട്ടങ്ങളുടെ
നൂലടർന്നുമാറിയ, സ്വയം മെനയാൻ
കൊതിച്ച മൃദു ചിറകുകൾക്ക്
ഇനി പറക്കാൻ സാധ്യമോ
നിമിഷങ്ങൾ പതിയെപതിയെ
നിലാവിലലിഞ്ഞ നീർമുത്തു പോലെ
ഒരു താരകമായ് മിന്നുമോ
അവരുടെ സ്വപ്നങ്ങൾ
അവരുടെ സൗഹൃദങ്ങൾ തീർത്ത കലാലയ
മുറ്റത്തെ ഓർമ്മകൾ മാത്രമായ്
ആരിതിനു സാക്ഷി കവർന്നെടുത്ത കിനാക്കൾക്ക്
മൊഴിയാനുള്ള മധു കണങ്ങളിൽ
ഒരു ചവർപ്പു പതിയുമോ
നിത്യമാം നിറക്കാഴ്ചകൾ സത്യമാം വഴിയരികിൽ
ആരറിഞ്ഞു ആ കവിൾത്തടങ്ങൾ
കണ്ണീരിൽ പൊതിയേണ്ടി വരുമെന്ന്

Shahanas Parvin 10 F

# REARRANGEMENTS

The cherish in dirty place
The innocence of children was
Need for reconstruct Kerala
The flood who robbered the beauty
But for the explain of reason
The pretty hands of nature were
Rearranging the orders of wrong .

Destroying the retension
For the hell blind people.
She was making the plan
For regaining the enjoyment.

But after, when all become silent
The blossomed flowers smiled ;
It was the children who brought
The exact happy as the flower .

It blossomed in the dirty place
But actually in the half- opened
Heart of the Kerala.
It was the delight for the
uplift of people . For representing the strength

For representing the strength
and unity the flowers smiled
As the symbol of joy

Shahanas Parvin
X F

# മായാത്ത ഓർമ്മകൾ

അമ്മതൻ ചൂടറിഞ്ഞു വളർന്നതെൻ ബാല്യം
കളങ്കമില്ലാത്ത മനസ്സിൽ നിറഞ്ഞൊരാരാ കുസൃതി
അമ്മതൻ വിരൽ തുമ്പാലെ പിടിച്ചു നടന്നാ കാൽപ്പാടുകൾ
ഇന്നെൻ അങ്കണത്തിൽ മായാത്ത പാടുകൾ
മണ്ണപ്പം ചുട്ടു നടന്നൊരാരാ കാലം
മായാത്ത ഓർമ്മകൾ നൽകുമെൻ ബാല്യം
മിഴി അണയാത്ത എന്നച്ഛനെക്കാത്ത്
പടി യോരത്ത് നിൽക്കുമെൻ അമ്മയോടൊപ്പം
അമ്പിളിമാമനെ കാട്ടി ചോറൂട്ടി എന്നമ്മ
താരാട്ടുപാടിയുറക്കുമാ മാറിൽ
ആരോടുമില്ലാവഴക്കെന്ന് ആഹ്ലാദിച്ചു
നടന്നൊരെൻ കുസൃതിക്കാലം
കുസൃതിയെൻ കൂട്ടിന്നായി നടന്നൊരക്കാലം
കുറുമ്പു നിറഞ്ഞൊരെൻ ബാല്യകാലം
മനസ്സുനിറഞ്ഞു പുഞ്ച്ചിരിച്ചാഹ്ലാദിച്ചു
കൂട്ടിന്നായെന്നമ്മയും തുമ്പ പോലെ
മായില്ല എൻ മനസ്സിൽ ആ കുസൃതിക്കാലം
ഓർക്കുമ്പോൾ കുളിരണിയുമെൻ ബാല്യകാലം
ഇനി തിരികെ അണയില്ല ആ മധുര ഓർമ്മകൾ
തിരികെ ഓടിയെത്തില്ല തളിരണിഞ്ഞ ഓർമ്മകൾ
അണയാത്ത ദീപം പോലെ എൻ മനസ്സിൽ
അണയാതെയാ മായാത്ത ഓർമ്മകൾ

Arsha Parvin P
X F

# Drug abuse and Alcoholism

Honorable guest and my dear friends

A warm good morning to all you you all are familiar with drugs and bad effects off it. today I am glad to be here to deliver a speech about drug abuse.

Friends first of all you must know about the causes of drugs . by using drugs we will only be a failure in our life. the main reason for the degradation of families is the use of drugs while we use this we will loss of conscious mind and we will do things that everybody hates. we will even do crimes, murders even dread full activities because we can't know what we are doing. we will get affected by diseases. the use of drug will make us physically and mentally weak. in this world 47 percentage of peoples are addicted to drug . continuous use of drugs can make addicting to us. if you get trapped once it will be a great risk to get rid of it many youths are waste in their life by regular use of drugs. every nation is considering a day for fighting against the use of drugs. mostly school and college students are getting trapped in this dark hands of drugs. friends you may now know the effects of drugs. so you all must take a pledge that we will not get to trapped in the danger of alcoholism. let me conclude my words.

have a nice day ..................thank you

Nihal N 10 F

## പാട്ടുകാരൻ ചങ്ങാതി



കുറ്റ്യാട്ടൂർ എന്ന ചെറുഗ്രാമത്തിൽ ഒരു കുട്ട്യാലിക്ക ഉണ്ടായിരുന്നു. കുറ്റ്യാട്ടൂർ ചന്തയിലെ ഒരു പച്ചക്കറി കച്ചവടക്കാരനായിരുന്നു കുട്ടി ആലിക. ഭാര്യയും കുട്ടികളുമൊത്ത് കുറ്റ്യാട്ടൂർ പുഴയുടെ ഓരത്ത് ഒരു കൊച്ചുവീട്ടിലാണ് കുട്ടി ആലിക കഴിഞ്ഞു പോന്നിരുന്നത് . പതിവു പോലെ ഒരു ദിവസം അതിരാവിലെ കുട്ട്യാലിക്ക പച്ചക്കറി കച്ചവടത്തിനായി കുറ്റ്യാട്ടൂർ ചന്തയിലേക്ക് വീട്ടിൽനിന്നും പുറപ്പെട്ടു. അതുമിതുമൊക്കെ ആലോചിച്ചുകൊണ്ട് ഇരുവശത്തുമായി വൻമരങ്ങളും വള്ളിപ്പടർപ്പുകളും

ഒക്കെ നിറഞ്ഞുനിൽക്കുന്ന ഇടവഴികളിലൂടെ അങ്ങനെ നടക്കുമ്പോൾ കുട്ട്യാലിക്ക മനോഹരമായ ഒരു പാട്ടു കേട്ടു. കുഹൂ കുഹൂ കുഹൂ......

പാട്ടു കേട്ട് പാവം കുട്ട്യലിക്ക പെട്ടെന്ന് അവിടെ നിന്നുപോയി. ആരാണ്അ തിരാവിലെ ഇത്രയും മനോഹരമായ പാട്ടുപാടുന്നത്.? കുട്ട്യാലിക്കയ്ക്കു ആരെയും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. വള്ളിപ്പടർപ്പുകളും വന്മരങ്ങൾക്കിടയിലൂടെ ചാഞ്ഞും ചരിഞ്ഞും ഒക്കെ നോക്കി ഇത്രയും നന്നായി പാടുന്നത് ആരാണെന്ന് അറിയണമല്ലോ തിരഞ്ഞു തിരഞ്ഞു കുട്ട്യാലിക്ക പാട്ടുകാരനെ കണ്ടെത്തി. കാണാൻ നല്ല ചന്തമുള്ള ഒരു പൂങ്കുയിൽ ആയിരുന്നു അത്. തന്നെ വല്ലാതെ കണ്ണുരുട്ടി തുറിച്ചുനോക്കുന്ന കുട്ട്യാലിക്കയെ കണ്ടപ്പോൾ പാട്ടുകാരൻ പൂങ്കുയിൽ പാട്ടുനിർത്തി. ഇനി ഇവിടെ നിൽക്കുന്നത് ശരിയല്ലെന്ന് അവനു തോന്നി . അപ്പോൾ തന്നെ ചടപട ചിറകടിച്ച് അങ്ങ് ദൂരേക്ക് പറന്നു പോയി. കുട്ട്യാലിക്കയ്ക്ക് അപ്പോൾ വലിയ സങ്കടമായി. പൂങ്കുയിലിന്റെ പാട്ട് ഇനി കേൾക്കാൻ പറ്റില്ലല്ലോ. പാവം കുട്ടി ആലിക്ക കുത്തിയിരുന്ന് ആലോചിച്ചു. എപ്പോഴുമെപ്പോഴും പൂങ്കുയിലിന്റെ പാട്ടു കേട്ടിരിക്കാൻ എന്താണൊരു വഴി ? എന്നു ചിന്തിച്ച് ഒന്നാന്തരം ഒരു വഴി കണ്ടെത്തി. പാട്ടുകാരൻ പൂങ്കുയുലിനെ പിടികൂടി കൂട്ടിൽ അടയ്ക്കുക. എന്നാൽ എപ്പോഴുമെപ്പോഴും പാട്ടു കേൾക്കാമല്ലോ.

പിന്നെ ഒട്ടും താമസിച്ചില്ല നല്ലോരു പക്ഷി കൂടുമായി കുട്ടി ആലിക്ക കാട്ടിലെത്തി പൂമരത്തിലെ കൊമ്പിലിരുന്ന് പാട്ടു പാടുന്ന പൂങ്കുയിലിനെ കണ്ടെത്തി. എന്നിട്ട് പാവം പൂങ്കുയിലിനെ ടപ്പേന്ന് പിടിച്ചു. പൂങ്കുയിൽ ബഹളംവെച്ചു ഉറക്കെ കരഞ്ഞു. എന്നിട്ടെന്തു കാര്യം ? പൂങ്കുയിലിനെ അപ്പോൾ തന്നെ കൂട്ടിലടച്ചു. എന്നിട്ട് നേരെ വീട്ടിലേക്കു വച്ചടിച്ചു. പൂക്കുയിലെ പിടികൂടി എത്തിയ കുട്ട്യാലിക്കയെ കണ്ടപ്പോൾ ഭാര്യയ്ക്കും കുട്ടികൾക്കും സന്തോഷമായി. പൂങ്കുയിലിനെ അകത്താക്കിയ പക്ഷികൂട് ഉമ്മറക്കോലായിലെ ഒരു മൂലയിൽ നോക്കിയശേഷം കുട്ട്യാലിക്ക അവരോടു പറഞ്ഞു. ഒന്നാംതരം പാട്ടുകാരനാ ഇവൻ..... ഇവൻ പാടുന്നതു കേൾക്കാൻ നല്ല രസമാ... ഇനി എപ്പോഴും നമുക്കിവന്റെ പാട്ടുകേട്ട് കഴിയാം. കുട്ടി ആലിക്ക പൂങ്കുയിലിനോട് പറഞ്ഞു, പാടു ചങ്ങാതി പാടൂ.......

അതുകേട്ടപ്പോൾ പാവം പൂങ്കുയിൽ കരയുകയാണ് ചെയ്തത്.

ഒന്നാം ദിവസം അങ്ങിനെ കടന്നുപോയി. രണ്ടാം ദിവസം എത്തി. പൂങ്കുയിൽ ഒന്നും പാടിയില്ല. കരയുക മാത്രം ചെയ്തു. മൂന്നാംദിവസം എത്തിയപ്പോൾ കുട്ട്യാലിക്കയ്ക്ക് ദേഷ്യം വന്നു. കുട്ടി ആലിക്ക പല്ലു ഞെരിച്ചു കൊണ്ട് പിറുപിറുത്തു... ഹും... ഈ പൂങ്കുയിൽ പാട്ടു മറന്നു പോയെന്നാണ് തോന്നുന്നത് ഇവനെ തുറന്നു വിട്ടേക്കാം. ഇവൻ എവിടെയെങ്കിലും പോയി തുലയട്ടെ. കുട്ട്യാലിക്ക അപ്പോൾതന്നെ കൂട് തുറന്നു വിട്ടു. പൂങ്കുയിൽ വലിയ സന്തോഷത്തോടുകൂടി ദൂരേക്ക് പറന്നു പോയി. പാവം കുട്ട്യാലിക്ക സങ്കടത്തോടെ താടിക്കു കൈയും കൊടുത്ത് തറയിൽ ഇരുപ്പായി. ഇനിയെങ്ങിനെ പൂങ്കുയിലെ പാട്ടു കേൾക്കും ? പെട്ടെന്നാണ് കുട്ടി ആലിക്ക അതു കേട്ടത്. കഹൂ...കുഹൂ...കുഹൂ...പാവം കുട്ട്യാലിക്ക ചടപടേന്ന് ചാടിയെണീറ്റു ചുറ്റും നോക്കി. പൂങ്കുയിലതാ പേരമരത്തിന്റെ

കൊമ്പിലിരുന്ന് മനോഹരമായി പാട്ടുപാടുന്നു. അതു കണ്ടപ്പോൾ കുട്ട്യാലിക്ക അന്തം വിട്ടു പോയി.



കുട്ട്യാലിക്കയ്ക്ക് മനസ്സിലായി , കൂടു തുറന്നു വിട്ടപ്പോഴാ പൂങ്കുയിലിനു സന്തോഷമായത്. അതുകൊണ്ടല്ലേ അവനിപ്പോൾ പാട്ടുപാടുന്നത് ? പാവം പൂങ്കുയിൽ . ഞാനതിനെ വല്ലാതെ ദ്രോഹിച്ചു എന്നു കുട്ട്യാലുക്കയ്ക്കു മനസ്സിലായി. കുട്ട്യാലിക്ക ചെയ്ത തെറ്റിന് കുട്ട്യാലിക്ക പശ്ചാതപിച്ചു. കുറെ പഴങ്ങൾ പൂങ്കുയിലിനു കൊടുത്തു. പൂങ്കുയിലതു ഭക്ഷിച്ച് തിരിച്ച് കാട്ടിലേക്ക് തിരിച്ച് പറന്നുപോയി.

Jabna 10 E

# ഭോപ്പാൽ ദിരന്തം എങ്ങനെ സംഭവിച്ചു. ?




1984 ഡിസംബർ രണ്ടിന് അർധരാത്രിയാണ് ലോക മനഃസ്സാക്ഷിയെ ഞെട്ടിച്ച മധ്യപ്രദേശ് തലസ്ഥാനമായ ഭോപ്പാൽ നഗരത്തെ ശവപ്പറമ്പാക്കി മാറ്റിയ ദുരന്തമുണ്ടായത്. യൂണിയൻ കാർബൈഡിന്റെ ഭോപ്പാൽ നഗരപ്രാന്തത്തിലുള്ള കീടനാശിനി ഫാക്ടറിയിലെ വാതകടാങ്ക് ചോർന്ന് മീഥൈൽ ഐസോസയനേറ്റ് എന്ന മാരക വിഷവാതകം അന്തരീക്ഷത്തിലാകമാനം പടരുകയായിരുന്നു. നേരം വെളുത്തപ്പോഴേക്കും ഭോപ്പാൽ നഗരം അക്ഷരാർഥത്തിൽ ശവപ്പറമ്പായി മാറി.

പാതയോരത്ത് കിടന്നുറങ്ങിയവരും വീടുകളിൽ കിടന്നുറങ്ങുകയായിരുന്ന പിഞ്ചു കുഞ്ഞുങ്ങളടക്കം അനവധി മനുഷ്യജീവനുകൾ നിമിഷനേരംകൊണ്ട് പിടഞ്ഞുമരിച്ചു. മരണസംഖ്യ സംബന്ധിച്ചു വ്യത്യസ്ഥ കണക്കുകളാണ്



പറയുന്നതെങ്കിലും ലക്ഷത്തോളം പേരെ വാതകചോർച്ച ദോഷകരമായി ബാധിച്ചുവെന്നാണ് നിഗമനം. ദുരന്തത്തിന്റെ ഇരകളായ പതിനായിരക്കണക്കിനാളുകൾ ഇന്നും മാറാരോഗികളായും അംഗവൈകല്യമുള്ളവരായും മരിച്ച് ജീവിക്കുന്നു. അങ്ങനെ ലോകത്തിലെ ഏറ്റവും വലിയ വ്യവസായിക ദുരന്തത്തിന്റെ പ്രത്യാഘാതം ഇന്നും തുടരുന്നു.

Minha Khalid 8 F



# ഓർമ്മ




ഓർമ്മകളാണെനിക്കിന്നു കൂട്ട്
ചാഞ്ഞുപെയ്യുന്ന മഴയും നോക്കി
കോലായിത്തിണ്ടിലിരിക്കുമ്പോൾ
മനസ്സിന്റെ പടികടന്നെത്തുന്ന
മഴനനഞ്ഞൊരോർമ്മ.
മാമ്പഴക്കഥപോലെ
ഇടയ്ക്കിടെ വിരിഞ്ഞെത്തുന്ന
ബാല്യകാലത്തിലെ
മധുവൂറുന്നൊരോർമ്മ.............
ഇണക്കങ്ങളും പിണക്കങ്ങളുമായി
എന്നും സജീവമായിരുന്ന
ആത്മാർത്ഥ സൗഹൃദങ്ങളുടെ
കുളിരോലുന്നൊരോർമ്മ.

മഞ്ഞുപെയ്യുന്ന നിലാ രാത്രികളിൽ
നഷ്ടപ്പെട്ടതെന്തിനേയോ
ചികഞ്ഞെടുക്കാൻ വെമ്പൽ കൊള്ളുന്ന
സ്നിഗ്ധമായൊരോർമ്മ.
ഒരുനാൾ വഴിയറിയാതെ നിൽക്കെ
മുന്നിൽ വെളിച്ചം നിറച്ച
വഴിത്തിരിവിന്റെയോർമ്മ.
ആശുപത്രിയുടെ തീക്ഷ്ണ ഗന്ധം നിറഞ്ഞ
സുഖമില്ലാത്തൊരോർമ്മ.
വെള്ളിടിയുടെ അമ്പേറ്റ്
ഹൃദയം പിളർന്ന
വേദനിപ്പിക്കുന്നൊരോർമ്മ
എത് ഗ്രീഷ്മത്തിലും
ഒരു വസന്തകാലത്തെ നെഞ്ചേറ്റുന്ന
ഈ കലാലയത്തിന്റെ മധുരമാമോർമ്മ
ഓർമ്മകൾ പൂരിപ്പിക്കാനുള്ള
ഇടമായിമാറിയ
ഈ താളിന്റെയോർമ്മ
ഓർമ്മകളാണെനിക്കിന്നു കൂട്ട്.

ഷീന എം, മലയാളം അധ്യാപിക


IX-G



# ആൽബം

## പ്രവേശനോൽസവം






## പ്രതിഭകളെ അനുമോദിക്കൽ



## ചാന്ദ്രദിനം




## ലോക പരിസ്ഥിതി ദിനം



## വിദ്യാരംഗം ഉദ്ഘാടനം



## പഠനോപകരണ വിതരണം



ലഹരിവിരുദ്ധ നാടകം (പോലീസ് കുട്ടികൾക്കുമുൻപിൽ



കലാമേള




ജി.എച്ച്.എസ്.എസ്, എടക്കര



## എഡിറ്റോറിയൽ ബോർഡ്

മെറീന സി.

ഷഹ്മ ഷെറി

ഷഹൻ ഫൈസൽ

നിത കെ.കെ

അലീന ദീപ

ആദിൽ ഷാൻ

മുഹമ്മദ് സിനാൻ

അബ്ദുൾ ബാസിത്ത്

നബ്ഹാൻ

അഷ്ഫഖ് എം. ഐ

# നന്ദി